# ആന, ഉറുമ്പ്, മരം




ആന, ഉറുമ്പ്, മരം മൂന്നും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെന്നാണ് പുതിയ കണ്ടെത്തൽ. ഇവയിൽ ഏതെങ്കിലുമൊന്നിന്റെ നാശം മറ്റു രണ്ടിനേയും നശിപ്പിക്കുമെന്നാണ് ഫ്ളോറിഡ സർവകലാശാലയിലെ ഗവേഷകൻ ടോഡ് പാമർ (Todd Palmer) കെനിയയിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്.

പഠനത്തിന്റെ ഭാഗമായി ആനകൾ മേയുന്ന പുൽമേടുകളിൽ വേലി കെട്ടി അവയെ അകറ്റി. ഈ പുൽമേടുകളിൽ തേനൂറുന്നതും പൊള്ളയായ മുള്ളുകളുള്ളതുമായ ഒരിനം അക്കേഷ്യമരം വളർന്നിരുന്നു. തേൻ കുടിക്കാനും മുള്ളുകൾക്കിടയിൽ താമസിക്കാനും എത്തിയിരുന്ന ഒരിനം ഉറുമ്പുകൾ പ്രത്യുപകാരമായി മരത്തെ നശിപ്പിക്കുന്ന കീടങ്ങളേയും മറ്റും അകറ്റി നിർത്തി. എന്നാൽ, ആനകൾ വരാതായതോടെ മരങ്ങൾ തേൻ ചുരത്തുന്നത് വളരെ കുറച്ചു. അതോടെ ഉറുമ്പുകൾ വരാതായി. അപ്പോഴേക്കും മരത്തിൽ തുളകളുണ്ടാക്കി താമസിക്കുന്ന മറ്റൊരിനം ഉറുമ്പുകളെത്തി. വൈകാതെ മരം നശിച്ചു പോവുകയും ചെയ്തു. ഭൂമിയിൽ ഒരു ജീവിയില്ലാതായാൽ മറ്റു പല ജീവികളും അപ്രത്യക്ഷമാകുമെന്ന വലിയ പരിസ്ഥിതി സത്യമാണ് ടോഡ് പാമർ തന്റെ പരീക്ഷണത്തിലൂടെ തെളിയിച്ചത്.

**അഷ്ഫാഖ് റഹ്മാൻ**

ക്ലാസ് - 8, ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്, തൈകാട്, തിരുവനന്തപുരം



**അനന്യ പി.എസ്**
**ക്ലാസ്– 8**
**പി.വി.എസ്.എച്ച്.എസ്.എസ്**
**എരഞ്ഞിക്കൽ**

# ഉമ്മ

ഉമ്മയെന്ന വാക്കുചൊല്ലി പിച്ചവെച്ചു ഞാനും
ഉറക്കൊഴിഞ്ഞമ്മിഞ്ഞ തന്ന് പോറ്റിയെന്നെയുമ്മ
കഥ പറഞ്ഞ് പാട്ട് പാടി തൊട്ടിലാട്ടിയുമ്മ
കരുതലായി കരം കവർന്ന് കാഴ്ചകാട്ടിയുമ്മ
കഥ പറഞ്ഞ് അമ്പിളിമാമന്റെ കൂടെ മുറ്റത്തോടിയുമ്മ
ഒക്കത്തേറി മീനും കൂട്ടി മാമുതിന്നു ഞാനും
ഞാൻ കരയും നേരത്തുമ്മയോടിചാരെ വന്നു
വേണ്ടതൊക്കെ പൂർത്തിയാക്കി മുത്തം ചാർത്തിതന്നു
കൂടെക്കൂടെ ഞാൻ വളർന്ന് മാന്യനായിത്തീർന്നു
ഉമ്മയെന്ന തോന്നലെന്നും ഉൾക്കരുത്ത് തന്നു.

**ഫവാസ് കെ**
ക്ലാസ്- 8, എം.എസ്.പി എച്ച്.എസ്.എസ്
മലപ്പുറം



**സിനാൻ ക്ലാസ്- 4**
**അൽ മദ്രസത്തുൽ ഇസ്‌ലാമിയ**
**തളിപറമ്പ**



**ഫാത്തിമ റിൻഷ**
**ക്ലാസ്- 1**
**അൽഫലാഹ് ഇംഗ്ലീഷ് സ്കൂൾ**
**വെളിയംകോട്**

# മാലിന്യ സംസ്കാരം

മുമ്പ് നമ്മുടെ കേരളം ദൈവത്തിന്റെ സ്വന്തം നാടെന്നാണ് വിശേഷിപ്പിക്കപ്പെട്ടിരുന്നത്. പക്ഷെ, ഇപ്പോൾ നമ്മുടെ നാടിനെ മാലിന്യത്തിന്റെ നാടെന്നാണ് വിശേഷിപ്പിക്കേണ്ടത്. കാരണം നമ്മുടെ നാട്ടിലെ ആളുകൾ ഉപയോഗം കഴിഞ്ഞ വസ്തുക്കളും മാലിന്യങ്ങളും, റോഡ് സൈഡിൽ, തോടുകളിൽ, പുഴകളിൽ എല്ലാം കൊണ്ടിടുന്നു.

അത് കൊണ്ട് നമ്മുടെ പരിസ്ഥിതി മലിനമാകുന്നു. പ്ലാസ്റ്റിക് പോലെയുള്ള വസ്തുക്കൾ റീസൈക്കിൾ ചെയ്യുക. ജൈവമാലിന്യങ്ങൾ, ബയോഗ്യാസ്, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്ന സ്ഥലത്ത് എത്തിക്കുകയോ മറ്റോ ചെയ്യുന്നത് പരിസ്ഥിതിയെ രക്ഷിക്കാനുള്ള മാർഗ്ഗങ്ങളാണ്.

**സായിഫ് കെ**
ക്ലാസ്- 8, ഐ.സി.റ്റി ഇംഗ്ലീഷ് സ്കൂൾ
പടന്ന, കാസർഗോഡ്



**ആത്വിഫ സുറയ്യ**
**ക്ലാസ്- 5**
**എ.എം.യു.പി കൂരിക്കുഴി**
**കയ്പമംഗലം**



**ഹംദ പി.എച്ച്**
**ക്ലാസ്- 5, ജി.ജി.എച്ച്.എസ്**
**ആലത്തൂർ**

# ജലം

ജലം ഇന്ന് നമുക്കിടയിൽ ഒരു വലിയ പ്രശ്നമാണ്. കൈ കഴുകി കഴിഞ്ഞതിന് ശേഷം പൈപ്പ് ശരിക്കും പൂട്ടാറുണ്ടോ എന്ന് നാമെല്ലാം ഒന്ന് വിലയിരുത്തണം. തുള്ളി തുള്ളി ഇറ്റി എത്ര വെള്ളമാണ് വെറുതെ പാഴാവുക. ഈ വരൾച്ചാ കാലത്ത് ഒരു തുള്ളി വെള്ളത്തിനു വേണ്ടി എത്രപേരാണ് നെട്ടോട്ടമോടുന്നത്. മഹാന്മാർ പറയുന്നു. ഇനി ഒറു മഹായുദ്ധം ഉണ്ടെങ്കിൽ അത് ജലത്തിന് വേണ്ടി ആയിരിക്കും എന്ന്. ഇനിയെങ്കിലും ശ്രദ്ധിക്കണം. ഒരു തുള്ളി വെള്ളം പോലും വെറുതെ പാഴാക്കരുത്. വെള്ളം അമൂല്യമാണ്.

**ഇജാസ് ഇബ്രാഹിം**

ക്ലാസ്- 8, ഡബ്ല്യൂ.എച്ച്.എസ്.എസ്, വയനാട്




# പ്രകൃതി എന്ന മാതാവ്

ഏതു മനുഷ്യനും ആദ്യമായി കാണുന്നത് തന്റെ മാതാവിന്റെ മുഖമാണ്. അവന്റെ ജീവിതത്തിന്റെ ഒരു ഹ്രസ്വമായ ഭാഗം അവൻ മാതാവിന്റെ ശരീരം തന്നെയായിരുന്നു. ഇങ്ങനെ ലോകത്തിലെ ഏറ്റവും ദൃഢവും പാവനവുമായ ബന്ധം ആണ് 'ഉമ്മ'' എന്ന കവിതയിൽ മനോഹരമായി ആവിഷ്ക്കരിക്കപ്പെടുന്നത്.

ജലത്തെക്കുറിച്ചും മാലിന്യത്തെക്കുറിച്ചുമുള്ള കുറിപ്പുകളും കൂടാതെ 'ആന, ഉറുമ്പ്, മരം' എന്ന കുറിപ്പും പാരിസ്ഥിതിക സന്തുലനത്തെ കുറിച്ചാണ്. പൂമൊട്ടിലേക്ക് കൂട്ടുകാർ എഴുതുന്ന രചനകളിൽ ഏറെയും പ്രകൃതി സ്നേഹത്തെക്കുറിച്ചും പ്രകൃതിയും പരിപാലനത്തെക്കുറിച്ചുമാണ്. പ്രകൃതി നമ്മുടെ മാതാവാണ്. കാരണം നാം പിറവികൊള്ളുന്നതും ജീവിക്കുന്നതും അതിൽ തന്നെ. അതിനാൽ അതിനെ പോറൽ പോലും ഏൽപ്പിക്കാതെ സംരക്ഷിക്കുക എന്നത് നമ്മുടെ കടമയാണ്.

സസ്നേഹം

● മാഷ്